## 295

1 യേശു എൻസ്വന്തം ഞാനവൻ സ്വന്തം
ആശ നൽകുന്നീ സ്നേഹബന്ധം
നിത്യത തന്നിൽ പുത്രനിൽ നമ്മെ
ദത്തെടുത്തോരു സ്നേഹബന്ധം-

2 മർത്ത്യകുലത്തെ രക്ഷിപ്പാൻ മന്നിൽ
മർത്ത്യനായ് വന്ന സ്നേഹബന്ധം
പാപശാപങ്ങൾ തൻമേലേറ്റതാൽ
പാപം നീക്കിയ സ്നേഹബന്ധം-

3 പാപങ്ങൾ ക്രൂശിൽ നീക്കം ചെയ്തിടാൻ
പാപയാഗമായ സ്നേഹബന്ധം
പാതകരാകും മർത്ത്യരെ സ്നേഹാൽ
നീതികരിച്ച സ്നേഹബന്ധം-

4 നമ്മിൽ വസിക്കും ആത്മാവിലൂടെ
നമ്മിൽ പകർന്ന സ്നേഹബന്ധം
നിത്യതയോളം മാറാതെ നിൽക്കും
ക്രിസ്തുനാഥന്റെ സ്നേഹബന്ധം- **T.T.M.**